"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സോഷ്യൽ ഓഡിറ്റ് ഡയറക്ടറുടെ നിയമനം - യോഗ്യത, സേവന വ്യവസ്ഥ എന്നിവ വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.217/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 27/01/2021

---

പരാമർശം:- 1 സ.ഉ.(സാധാ) നം.3906/2015/ത.സ്വ.ഭ.വ. തീയതി 30.12.2015

2 സ.ഉ.(സാധാ) നം.729/2017/ത.സ്വ.ഭ.വ. തീയതി 16.03.2017

3 കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പ്രസിദ്ധീകരിച്ച ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ആനുവൽ മാസ്റ്റർ സർക്കുലർ 2020-21

**ഉത്തരവ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം സ്ഥാപിക്കപ്പെട്ടിട്ടുള്ള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഡയറക്ടറുടെ യോഗ്യത, സേവന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് പരാമർശം (1) (2) ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. പരാമർശം (3) പ്രകാരം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ആനുവൽ മാസ്റ്റർ സർക്കുലറിൽ സോഷ്യൽ ഓഡിറ്റ് ഡയറക്ടറുടെ യോഗ്യത, സേവന വ്യവസ്ഥകൾ എന്നിവ ഭേദഗതി വരുത്തുകയും സംസ്ഥാനം ഇക്കാര്യത്തിൽ വ്യക്തമായ വ്യവസ്ഥകൾ പുറപ്പെടുവിക്കണമെന്ന് നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്. ടി സാഹചര്യത്തിൽ, സോഷ്യൽ ഓഡിറ്റ് ഡയറക്ടറുടെ യോഗ്യത, സേവന വ്യവസ്ഥകൾ ചുവടെപ്പറയും പ്രകാരം പുനർ നിശ്ചയിച്ചുകൊണ്ട് ഉത്തരവാകുന്നു.

1. സോഷ്യൽ ഓഡിറ്റ് ഡയറക്ടറായി നിയമിതനാകുന്ന വ്യക്തിക്ക് സോഷ്യൽ ഓഡിറ്റിൻറെ മേഖലയിൽ കുറഞ്ഞത് 2 വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം.
2. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദാനന്തര ബിരുദവും, ഗ്രാമവികസനം/വികേന്ദ്രീകൃതാസൂത്രണം/ഗവൺമെൻറ് ഓഡിറ്റിംഗ് എന്നിവയിൽ കുറഞ്ഞത് 10 വർഷത്തെ പ്രവൃത്തിപരിചയവും ഉണ്ടായിരിക്കണം.
3. ഉയർന്ന പ്രായപരിധി 62 വയസ് ആയിരിക്കണം.
4. നിയമനം 3 വർഷത്തേക്ക് ആയിരിക്കുന്നതും ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തോടുകൂടി 5 വർഷം വരെയോ 65 വയസ്സ് വരെയോ സേവന കാലാവധി ദീർഘിപ്പിക്കാവുന്നതുമാണ്. എന്നാൽ, ഇതിൽ ഏതാണോ ആദ്യം അതിന് അനുസൃതമായി നിയമനത്തിന്റെ കാലാവധി അവസാനിക്കുന്നതാണ്.
5. സോഷ്യൽ ഓഡിറ്റ് ഡയറക്ടർ നിയമനത്തിനായി മൂന്ന് തവണ പത്ര പരസ്യം നൽകിയിട്ടും നിശ്ചിത യോഗ്യതയുള്ള അപേക്ഷകരെ കിട്ടാത്തപക്ഷം സോഷ്യൽ ഓഡിറ്റ് ഡയറക്ടറെ പൂർണ്ണ സമയ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ്. ഇപ്രകാരം ഡെപ്യൂട്ടേഷൻ

വ്യവസ്ഥയിൽ നിയമിക്കുമ്പോൾ പ്രസ്തുത ഉദ്യോഗസ്ഥർ തദ്ദേശ സ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥർ ആകാൻ പാടില്ലാത്തതാണ്. ഇപ്രകാരം നിയമിക്കുന്ന ജീവനക്കാരുടെ നിയമന കാലാവധി കുറഞ്ഞത് ഒരു വർഷത്തേക്കും പരമാവധി മൂന്ന് വർഷത്തേക്കും ആയിരിക്കും.

6. കാലാവധിക്ക് മുൻപായി സോഷ്യൽ ഓഡിറ്റ് ഡയറക്ടറുടെ നിയമനം അവസാനിപ്പിക്കേണ്ട സാഹചര്യത്തിൽ ഗവേണിംഗ് ബോഡിയുടെ അംഗീകാരം വാങ്ങേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്

ഗ്രാമവികസന കമീഷണർ, തിരുവനന്തപുരം

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, MGNREGA സോഷ്യൽ ആഡിറ്റ് സൊസൈറ്റി, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by NISAM N
Date: 2021.01.27 13:49:41 IST
Reason: Approved

സെക്ഷൻ ഓഫീസർ